പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 247 — 28.06.2011-ൽ മറുപടിയ്ക്ക്

## രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. പി. സി. ജോർജ് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (എ) | ഉണ്ട്.<br>പത്താം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പാക്കിയിരുന്ന ഇടുക്കി ജില്ലയിലെ ആർ.ജി.ജി.വി.വൈ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു.<br>പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കുന്നതിനു വേണ്ടി അനുമതി കിട്ടിയ 6 ജില്ലകളിലും (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം) പദ്ധതി ആരംഭിച്ചുകഴിഞ്ഞു.<br>ബോർഡ് തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പല ജില്ലകളിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച്, പ്രവർത്തനം വിലയിരുത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; ലക്ഷ്യങ്ങളിൽ എത്ര ശതമാനം വിജയിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ; | (ബി) | എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞ ഇടുക്കി ജില്ലയിൽ 39 വില്ലേജുകളിലെ 100 കരകൾ വൈദ്യുതീകരിക്കാൻ ഉദ്ദേശിച്ചിരുന്നതിൽ 37 വില്ലേജുകളിലെ 83 കരകളിൽ വൈദ്യുതീകരണ പ്രവൃത്തികൾ നടപ്പിലാക്കി. ഏകദേശം ലക്ഷ്യത്തി |

ന്റെ 95% വിജയം കൈവരിക്കാൻ സാധിച്ചു.

എന്നാൽ 16097 ബി.പി.എൽ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കാൻ അനുമതി ലഭിച്ചപ്പോൾ, 17238 വീടുകൾ വൈദ്യുതീകരിക്കാൻ സാധിച്ചു.

6 വടക്കൻ ജില്ലകളിൽ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചതേ യുള്ളൂ.

(സി) പ്രസ്തുത പദ്ധതി എത്ര ഘട്ടമായിട്ടാണ് നടത്താനുദ്ദേശിച്ചിരുന്നത് ; പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കിയ ജില്ലകൾ ഏതെല്ലാമാണ് ; ആയതു പ്രകാരം എത്ര ബി. പി. എൽ. കുടുംബങ്ങളുടെ ഭവനങ്ങൾ വൈദ്യുതീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി മൂന്നു ഘട്ടമായിട്ടാണ് നടത്താനുദ്ദേശിച്ചിട്ടുള്ളത്.

ആദ്യഘട്ടമായി ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ഇടുക്കി ജില്ലയിൽ 17238 വീടുകൾ (ബി.പി.എൽ) വൈദ്യുതീകരിച്ചു.

2-ാം ഘട്ടത്തിൽ കേരളത്തിലെ 6 വടക്കൻ ജില്ലകളിൽ (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (ആർ.ഇ.സി) നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ആർ. ജി. ജി. വി. വൈയുടെ നടത്തിപ്പ് കുറ്റമറ്റരീതിയിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി കോർപ്പറേറ്റ് തലത്തിൽ ഒരു ചീഫ് എൻജിനീയറെ പുതിയതായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.